# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2790 07.12.2018-ൽ മറുപടിക്ക്

## സിനിമയിൽ വനിതകൾ നേരിടുന്ന ലിംഗവിവേചനം

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നടി ആക്രമിക്കപ്പെട്ട സംഭവത്തിന്റെ പശ്ചാത്തലത്തിൽ സിനിമയിൽ വനിതകൾ നേരിടുന്ന ലിംഗവിവേചനത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായി വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ടി സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കമ്മീഷനെ നിയോഗിച്ചത് എന്നാണ് ; എത്ര കാലത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത് ; | (ബി) | 01.07.2017 ലെ സഉ(കൈ)നം. 16/2017/സാം.കാ.വ ഉത്തരവ് പ്രകാരം രൂപീകരിച്ച സമിതിയ്ക്ക് , 16.11.2017 ലെ സ.ഉ(സാധാ)നം.661/2017/സാം.കാ.വ. പ്രകാരം ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിരുന്നു. 6 മാസത്തേയ്ക്കാണ് പ്രസ്തുത ഉത്തരവിൽ കാലാവധി നിശ്ചയിച്ചു നൽകിയിരുന്നത്. എന്നാൽ ടി കാലയളവിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സാധിക്കുകകയില്ലെന്നും കാലാവധി ദീർഘിപ്പിക്കണമെന്നും സമിതി ആവശ്യപ്പെട്ടതനുസരിച്ച് 02.07.2018 ലെ സ.ഉ.(കൈ)നം. 25/2018/സാം.കാവ ഉത്തരവ് പ്രകാരം 2018 മെയ് 16 മുതൽ 6 മാസത്തേക്ക് കൂടി കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ കാലാവധി നവംബറിൽ അവസാനിച്ച സാഹചര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലാവധി നീട്ടി നൽകണമെന്ന് സമിതി അദ്ധ്യക്ഷ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | 03.07.2018 ലെ സ.ഉ.(സാധാ)നം.429/2018/സാം.കാ.വ ഉത്തരവ് പ്രകാരം സമിതിയുടെ പ്രവർത്തനങ്ങൾക്കായി 14 ലക്ഷം രൂപ കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിക്ക് അനുവദിച്ച് നൽകിയിരുന്നു. കൂടാതെ 4,54,219/- രൂപ സമിതിയുടെ പ്രവർത്തനങ്ങൾക്കായി ചലച്ചിത്ര അക്കാഡമി നേരിട്ട് നൽകിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**